(ബി) കടൽ മത്സ്യങ്ങളുടേയും ചെമ്മീനിന്റേയും പ്രജനന കാലത്ത് അവ നശിച്ചുപോകാതെ വളരുന്നതിനുള്ള അനുകൂല സാഹചര്യം സൃഷ്ടിക്കുവാനും മത്സ്യ സമ്പത്തിൽ വർദ്ധനവ് ഉണ്ടാക്കാനുമാണ് ട്രോളിംഗ് നിരോധനം കൊണ്ട് ഉദ്ദേശിക്കുന്നത്.

ട്രോളിംഗ്മൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ

128 (2407) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷവും ട്രോളിംഗും കാരണം സ്തംഭിച്ചിരിക്കുന്ന മത്സ്യത്തൊഴിൽ മേഖലയിലെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ട്രോളിംഗ് കാലയളവിൽ സൗജന്യ റേഷൻ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാലവർഷവും ട്രോളിംഗ് നിരോധനവും കാരണം മത്സ്യമേഖലയിൽ തൊഴിൽ സ്തംഭനമോ ശോചനീയാവസ്ഥയോ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലവർഷം കാരണം മുൻവർഷങ്ങളിലെ പോലെ തീരദേശ മേഖലയിൽ കടലാക്രമണം ഉണ്ടാകുന്നുണ്ട്. ഇതിനുള്ള ആശ്വാസ നടപടി റവന്യൂ, ഇറിഗേഷൻ വകുപ്പുകൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ മത്സ്യകാലത്ത് പഞ്ച മാസ പദ്ധതിയായി ഫിഷറീസ് വകുപ്പ് സമ്പാദ്യ സമാശ്വാസ പദ്ധതി വർഷങ്ങളായി നടപ്പാക്കുന്നുമുണ്ട്.

(ബി) തൽക്കാലം പരിഗണനയിലില്ല.

വിദേശ ടൂറിസ്റ്റുകളെ സഹകരണ ഹോട്ടലുകളിലേക്ക് അലോട്ട് ചെയ്യുന്നതിനെതിരെ നടപടി

129 (2408) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. സാജു പോൾ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് ടൂറിസ്റ്റ് വകുപ്പ് എന്തെല്ലാം നടപടികൾ കൈക്കൊള്ളാനുദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ;

(ബി) ടൂറിസം വകുപ്പ് മുഖേന വിദേശത്തു നിന്നും എത്തുന്ന ടൂറിസ്റ്റുകളെ ഹോട്ടലുകളിലേക്ക് അലോട്ടു ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ-അന്തർദേശീയ മേളകളിൽ പങ്കെടുത്തും, റോഡ് ഷോ-കൾ സംഘടിപ്പിച്ചും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ കൂടി പ്രചരണം നടത്തിയും കേരളത്തിന്റെ പാരമ്പര്യവും, പൈതൃകവും ഉൾക്കൊള്ളുന്ന കലാസാംസ്കാരിക സായാഹ്നങ്ങൾ സംഘടിപ്പിച്ചും വകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടറുകൾ വഴി ടൂറിസ്റ്റുകൾക്കാവശ്യമായ ലഘുലേഖകൾ, സി.ഡി.-റോമുകൾ എന്നിവ നൽകിയും ടൂറിസത്തിന്റെ വെബ്സൈറ്റ്, ട്രോൾഫീ-ഫോൺ വഴി ആവശ്യമായ വിവരങ്ങൾ നൽകിയും ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ് നടപടികൾ കൈക്കൊള്ളുന്നുണ്ട്.

(ബി) മേഖലാമുലം പരാതി കിട്ടിയിട്ടില്ല.

കായലുകളുടെ സമഗ്ര വികസനം

130 (2409) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്ന കായലുകളുടെ സമഗ്രവികസനം സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടുകൂടി കേരളത്തിലെ കായലുകളുടെ സമഗ്രവികസനത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.

വിമാന കമ്പനികളുമായും റെയിൽവേയുമായും സഹകരിച്ച് ടൂറിസം പദ്ധതി

131 (2410) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമാന കമ്പനികളുമായി സഹകരിച്ച് പുതിയ ടൂറിസം പാക്കേജ് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് വിമാന കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ഇന്ത്യയിലെ പ്രമുഖ നഗരങ്ങളിൽ നിന്നും വിനോദസഞ്ചാരികളെ ആകർഷിക്കാൻ റെയിൽവേയുമായി ചേർന്ന് പ്രത്യേകം ടൂറിസം പാക്കേജ് നടപ്പാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly